ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 23.08.2025** | പ്രധാന വാർത്തകൾ | **TIME : 07.25 AM**

1. ഓൺലൈൻ ഗെയിമിംഗ് നിയന്ത്രണ ബിൽ, ആദായനികുതി നിയമം 2025 ഉൾപ്പടെ അഞ്ച് സുപ്രധാന ബില്ലുകൾക്ക് രാഷ്ട്രപതിയുടെ അംഗീകാരം.
   **President Droupadi Murmu gives assent to five important bills passed by the Parliament, including regulation of Online Gaming Bill and Income Tax Act 2025.**

2. ലോകത്തിലെ മൂന്നാമത്തെ വലിയ സമ്പദ്‌വ്യവസ്ഥയായി ഇന്ത്യ വളർന്നു കൊണ്ടിരിക്കുകയാണെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി.
   **PM Narendra Modi says India Emerging as the World's Third-Largest Economy**

3. പ്രാചീന വിജ്ഞാനത്തിൽ നിന്ന് അനന്ത സാധ്യതയിലേക്ക് എന്ന സന്ദേശവുമായി ഇന്ന് ദേശീയ ബഹിരാകാശദിനം.
   **National Space Day is being celebrated today with the theme: 'From Ancient Wisdom to Infinite Possibilities.**

4. പ്രഥമ കേരള ഏവിയേഷൻ സമ്മിറ്റ് മുഖ്യമന്ത്രി പിണറായി വിജയൻ ഇന്ന് കൊച്ചിയിൽ ഉദ്ഘാടനം ചെയ്യും.
   **Chief Minister Pinarayi Vijayan to Inaugurate First Kerala Aviation Summit in Kochi Today.**

5. ബൾഗേറിയയിൽ നടക്കുന്ന അണ്ടർ 20 ലോക ഗുസ്തി ചാമ്പ്യൻഷിപ്പിൽ ഇന്ത്യയുടെ കാജൽ ദോചകിന് സ്വർണം.
   **India's Kajal Dochak Wins Gold at U20 World Wrestling Championship in Bulgaria.**

****************************************

## PREZ-ASSENT

ഓൺലൈൻ ഗെയിമിംഗ് പ്രൊമോഷൻ ആൻഡ് റെഗുലേഷൻ ബിൽ-2025ന് രാഷ്ട്രപതി ദ്രൗപദി മുർമ്മു അംഗീകാരം നൽകി. പണം ഈടാക്കിയുള്ള ഓൺലൈൻ ഗെയിമിങ് സേവനങ്ങൾ, പരസ്യങ്ങൾ, സാമ്പത്തിക ഇടപാടുകൾ എന്നിവ വിലക്കുന്നതാണ് ബിൽ. ആദായ നികുതി നിയമം 2025, നികുതി നിയമങ്ങൾ (ഭേദഗതി) 2025, ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് (ഭേദഗതി) നിയമം 2025, ഖനി, ധാതു വികസന, നിയന്ത്രണ ഭേദഗതി നിയമം 2025, ഇന്ത്യൻ തുറമുഖ ബിൽ 2025, എന്നിവയ്ക്കും രാഷ്ട്രപതി അംഗീകാരം നൽകി.

************************

## PM - KOLKATA

ലോകത്തിലെ മൂന്നാമത്തെ വലിയ സമ്പദ്‌വ്യവസ്ഥയായി ഇന്ത്യ വളർന്നു കൊണ്ടിരിക്കുകയാണെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി. കൊൽക്കത്തയിൽ 5,200 കോടി രൂപയിലധികം ചെലവ് വരുന്ന വികസന പദ്ധതികൾക്ക് അദ്ദേഹം തുടക്കം കുറിച്ചു. ഇന്ത്യയുടെ ചരിത്രത്തിലും ഭാവിയിലും കൊൽക്കത്തയ്ക്ക് പ്രധാന സ്ഥാനമുണ്ടെന്ന് പ്രധാനമന്ത്രി പറഞ്ഞു.

************************

## PM-JAPAN-CHINA VISIT

പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ നാല് ദിവസത്തെ ജപ്പാൻ, ചൈന സന്ദർശനത്തിന് ഈ മാസം 29 ന് തുടക്കമാകും. 15-ാമത് ഇന്ത്യ-ജപ്പാൻ വാർഷിക ഉച്ചകോടിയിൽ അദ്ദേഹം പങ്കെടുക്കും. പ്രതിരോധം, സുരക്ഷ, വ്യാപാരം, സമ്പദ്‌വ്യവസ്ഥ, സാങ്കേതികവിദ്യ, നവീകരണം എന്നിവയുൾപ്പെടെ ഇന്ത്യയും ജപ്പാനും തമ്മിലുള്ള തന്ത്രപരവും ആഗോളവുമായ പങ്കാളിത്തം ചർച്ചയാകും. പര്യടനത്തിന്റെ രണ്ടാം പാദത്തിൽ പ്രധാനമന്ത്രി ഈ മാസം 31 മുതൽ അടുത്ത മാസം 1 വരെ ചൈന സന്ദർശിക്കും.

ടിയാൻജിനിൽ നടക്കാനിരിക്കുന്ന ഷാങ്ഹായ് സഹകരണ സംഘടനാ ഉച്ചകോടിയിൽ അദ്ദേഹം പങ്കെടുക്കും. ഉച്ചകോടിയുടെ ഭാഗമായി, ശ്രീ മോദി നിരവധി ആഗോള നേതാക്കളുമായി ഉഭയകക്ഷി ചർച്ചകൾ നടത്തും.

************************

## PM-SEMICON INDIA(INTRO)

സെമികോൺ ഇന്ത്യയുടെ നാലാം പതിപ്പ് പ്രധാനമന്ത്രി നരേന്ദ്ര മോദി അടുത്ത മാസം 2 ന് ന്യൂഡൽഹിയിൽ ഉദ്ഘാടനം ചെയ്യും. മൈക്രോ ഇലക്ട്രോണിക്സിലും സെമികണ്ടക്ടർ മൂല്യ ശൃംഖലയിലും രാജ്യത്തിന്റെ വളർച്ചയും സാധ്യതകളും പ്രദർശിപ്പിക്കുകയാണ് പരിപാടിയുടെ ലക്ഷ്യം. ഇത്തവണ, ജപ്പാൻ, ദക്ഷിണ കൊറിയ, സിംഗപ്പൂർ, മലേഷ്യ എന്നിവിടങ്ങളിൽ നിന്നുള്ള അന്താരാഷ്ട്ര പവലിയനുകൾ പ്രദർശനത്തിൽ ഉണ്ടായിരിക്കുമെന്ന് ഇലക്ട്രോണിക്, ഇൻഫർമേഷൻ ടെക്നോളജി മന്ത്രാലയ സെക്രട്ടറി എസ് കൃഷ്ണൻ അറിയിച്ചു.

(വോയിസ്....)

************************

## VP-NOMINATIONS

17-ാമത് ഉപരാഷ്ട്രപതി തിരഞ്ഞെടുപ്പിലേക്ക് ലഭിച്ച 68 നാമനിർദ്ദേശ പത്രികകളുടെ സൂക്ഷ്മപരിശോധന ഇന്നലെ നടന്നു. 46 സ്ഥാനാർത്ഥികളാണ് പത്രിക നൽകിയത്. 19 സ്ഥാനാർത്ഥികൾ സമർപ്പിച്ച 28 നാമനിർദ്ദേശ പത്രികകൾ തള്ളി. അടുത്ത മാസം 9 നാണ് ഉപരാഷ്ട്രപതി തിരഞ്ഞെടുപ്പ്. മഹാരാഷ്ട്ര ഗവർണർ സിപി രാധാകൃഷ്ണൻ എൻഡിഎ സ്ഥാനാർത്ഥിയായും മുൻ സുപ്രീം കോടതി ജഡ്ജി ബി സുദർശൻ റെഡ്ഡി I.N.D.I. സഖ്യ സ്ഥാനാർത്ഥിയായും മത്സരിക്കും.

************************

## NATIONAL SPACE DAY

ഇന്ന് ദേശീയ ബഹിരാകാശദിനം. 2023 ആഗസ്റ്റ് 23-ന് ISRO യുടെ ചന്ദ്രയാൻ-3 ദൗത്യത്തിലൂടെ വിക്രം ലാൻഡർ ചന്ദ്രന്റെ ദക്ഷിണ ധ്രുവത്തിൽ വിജയകരമായി സോഫ്റ്റ് ലാന്റിങ് നടത്തിയതിന്റെ ഓർമ്മയ്ക്കായാണ് ദിനാചരണം. ചന്ദ്രന്റെ ദക്ഷിണ ധ്രുവത്തിൽ പേടകം ഇറക്കുന്ന ലോകത്തെ ആദ്യത്തെ രാജ്യവും ചന്ദ്രോപരിതലം സ്പർശിക്കുന്ന നാലാമത്തെ രാജ്യവുമായി ഇന്ത്യ മാറി. ആര്യഭട്ട മുതൽ ഗഗൻയാൻ വരെ - പ്രാചീന വിജ്ഞാനത്തിൽ നിന്ന് അനന്ത സാധ്യതയിലേക്ക് എന്നതാണ് ഈ വർഷത്തെ ദിനാചരണ പ്രമേയം.

*************************

## FERTILIZER-PRODUCTION

ഖാരിഫ് സീസണിലേക്ക് ആവശ്യമായ വളം ലഭ്യത ഉറപ്പ് വരുത്തിയതായി കേന്ദ്ര സർക്കാർ. രാസവസ്തു രാസവള മന്ത്രാലയത്തിൻറെ കണക്കനുസരിച്ച്, 143 ലക്ഷം മെട്രിക് ടൺ യൂറിയയുടെ ആവശ്യകതയാണ് ഉള്ളത്. എന്നാൽ 183 ലക്ഷം മെട്രിക് ടൺ യൂറിയ ലഭ്യമാണ്. കഴിഞ്ഞ 10 വർത്തിൽ ആഭ്യന്തര വളം നിർമ്മാണത്തിൽ വലിയ വളർച്ചയാണ് ഉണ്ടായതെന്നും മന്ത്രാലയം വ്യക്തമാക്കി.

*************************

## KERALA AVIATION SUMMIT

പ്രഥമ കേരള ഏവിയേഷൻ സമ്മിറ്റ് മുഖ്യമന്ത്രി പിണറായി വിജയൻ ഇന്ന് കൊച്ചിയിൽ ഉദ്ഘാടനം ചെയ്യും. ഫിക്കിയും കൊച്ചി വിമാനത്താവളവും സംയുക്തമായാണ് സമ്മേളനം സംഘടിപ്പിക്കുന്നത്. അതിവേഗം വളരുന്ന വ്യോമയാന മേഖലയിൽ നിക്ഷേപം പ്രോത്സാഹിപ്പിക്കുക, നവീകരണം പരിപോഷിപ്പിക്കുക തുടങ്ങിയവയാണ് പരിപാടിയുടെ ലക്ഷ്യം.

************************

## PENSION

കേരളത്തിൽ, സാമൂഹ്യസുരക്ഷ, ക്ഷേമനിധി പെൻഷൻ ഇന്ന് മുതൽ വിതരണം ചെയ്യും. ഗുണഭോക്താക്കൾക്ക് രണ്ടു ഗഡു പെൻഷൻ നൽകുന്നതിനായി 1,679 കോടി രൂപ അനുവദിച്ചു. ഓഗസ്റ്റിലെ പെൻഷന് പുറമെ ഒരു ഗഡു കുടിശിക കൂടിയാണ് അനുവദിച്ചത്.

************************

## AMEBIC MENINGOENCEPHALITIS

കേരളത്തിൽ അമീബിക് മസ്തിഷ്ക ജ്വരത്തിനെതിരെ ജാഗ്രത തുടരുന്നു. കോഴിക്കോട് ചികിത്സയിലുള്ള രണ്ട് പേർക്ക് കൂടി രോഗ ലക്ഷണങ്ങൾ റിപ്പോർട്ട് ചെയ്തിരുന്നു. രോഗം ബാധിച്ച് മരിച്ച താമരശ്ശേരി സ്വദേശി ഒമ്പത് വയസുകാരിയുടെ സഹോദരനും ചേലേമ്പ്ര സ്വദേശിയായ 59-കാരനുമാണ് അമീബിക് മസ്തിഷ്ക ജ്വര ലക്ഷണങ്ങളോടെ മെഡിക്കൽ കോളെജിൽ ചികിൽസയിലുള്ളത്.

************************

## MEMU PASSENGER

ഷൊർണൂർ–നിലമ്പൂർ പാതയിൽ രാത്രികാല മെമു സർവീസ് ഇന്ന് ആരംഭിക്കും. കേന്ദ്ര സഹമന്ത്രി ജോർജ് കുര്യൻ ഫ്ലാഗ് ഓഫ് ചെയ്യും. എറണാകുളം–ഷൊർണൂർ മെമുവാണ് നിലമ്പൂരിലേക്ക് സർവീസ് നീട്ടുന്നത്. ഷൊർണൂരിൽ നിന്ന് രാത്രി 8.35 നാണ് നിലമ്പൂരിലേക്ക് ആദ്യ സർവീസ്. ട്രെയിൻ നിലമ്പൂരിൽ 10.05 ഓടെ എത്തും.

************************

## PM-NATURAL FARMING MISSION

പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്ന് ന്യൂഡൽഹിയിലെ ഇന്ത്യൻ കൗൺസിൽ ഓഫ് അഗ്രികൾച്ചറൽ റിസർച്ചിൽ പ്രകൃതിദത്ത കൃഷി പ്രോത്സാഹിപ്പിക്കുന്നതിനുള്ള ദേശീയ ദൗത്യത്തിന് തുടക്കം കുറിക്കും. കേന്ദ്രീകൃത പദ്ധതിയായി കഴിഞ്ഞ വർഷം നവംബറിൽ കേന്ദ്ര മന്ത്രിസഭ ദൗത്യത്തിന് അംഗീകാരം നൽകിയിരുന്നു. 2,481 കോടി രൂപയാണ് പദ്ധതിയുടെ വിഹിതം. ഇതിൽ കേന്ദ്രത്തിന്റെ 1,584 കോടി രൂപയും സംസ്ഥാന വിഹിതമായ 897 കോടി രൂപയും ഉൾപ്പെടുന്നു. മണ്ണിന്റെ ആരോഗ്യം മെച്ചപ്പെടുത്തുക, ആവാസവ്യവസ്ഥ പുനഃസ്ഥാപിക്കുക, കാലാവസ്ഥാ മാറ്റങ്ങളെ പ്രതിരോധിക്കുക തുടങ്ങിയവയാണ് ദൗത്യം ലക്ഷ്യമിടുന്നത്.

*************************

## GST COUNCIL-MEETING

ജിഎസ്ടി കൗൺസിലിന്റെ 56-ാമത് യോഗം അടുത്ത മാസം 3, 4 തീയതികളിൽ ന്യൂഡൽഹിയിൽ നടക്കും. കേന്ദ്ര ധനമന്ത്രി നിർമ്മല സീതാരാമൻ യോഗത്തിൽ അധ്യക്ഷത വഹിക്കും. കഴിഞ്ഞ വർഷം ഡിസംബറിൽ രാജസ്ഥാനിലെ ജയ്സാൽമീറിൽ നടന്ന ജിഎസ്ടി കൗൺസിൽ യോഗത്തിൽ, ചരക്ക് സേവന നികുതിയുമായി ബന്ധപ്പെട്ട നിരവധി തീരുമാനങ്ങൾ എടുത്തിരുന്നു.

*************************

## RAJNATH-DEFENCE (INTRO)

നവീകരണവും സാങ്കേതിക വികസനവും പ്രോത്സാഹിപ്പിക്കുന്നതിലൂടെ പ്രതിരോധ മേഖലയിൽ ഇന്ത്യ ശക്തമായ ആവാസവ്യവസ്ഥ കെട്ടിപ്പടുക്കുകയാണെന്ന് രാജ്യരക്ഷാ മന്ത്രി രാജ്നാഥ് സിംഗ്. അഞ്ചാം തലമുറ യുദ്ധവിമാനങ്ങൾ നിർമ്മിക്കുന്നതിനും വിമാന എഞ്ചിൻ നിർമ്മിക്കുന്നതിനുമുള്ള പ്രവർത്തനങ്ങൾ രാജ്യത്ത് നടക്കുന്നതായും ന്യൂഡൽഹിയിൽ ഒരു പരിപാടിയിൽ അദ്ദേഹം

പറഞ്ഞു. 66,000 കോടി രൂപ ചെലവിൽ 97 തേജസ് യുദ്ധവിമാനങ്ങൾ നിർമ്മിക്കുന്നതിനായി എച്ച്എഎല്ലുമായി പുതിയ കരാറിന് സർക്കാർ അംഗീകാരം നൽകിയിട്ടുണ്ടെന്നും രാജ്യരക്ഷാ മന്ത്രി വ്യക്തമാക്കി.

(ഹോൾഡ് വോയ്സ്...........)

************************

## CPI LEADER-DEMISE

മുതിർന്ന സിപിഐ നേതാവും മുൻ എംപിയുമായ എസ് സുധാകർ റെഡ്ഡി അന്തരിച്ചു. 83 വയസ്സായിരുന്നു. ഹൈദരാബാദിലെ സ്വകാര്യ ആശുപത്രിയിൽ ചികിത്സയിലിരിക്കെ ഇന്നലെ വൈകിട്ടായിരുന്നു അന്ത്യം. 1998 ലും 2004 ലും നൽഗൊണ്ട നിയോജകമണ്ഡലത്തിൽ നിന്ന് പാർലമെന്റ് അംഗമായി തിരഞ്ഞെടുക്കപ്പെട്ടു. 2012 മുതൽ 2019 വരെ സി പി ഐയുടെ ജനറൽ സെക്രട്ടറിയായിരുന്നു.

************************

## RAJASTHAN RAIN

രാജസ്ഥാനിൽ പല ജില്ലകളിലും കനത്ത മഴയെത്തുടർന്ന് ജനജീവിതം ദുരിതത്തിലായി. ടോങ്ക്, സവായ് മധോപൂർ, ബാരൻ, കോട്ട ജില്ലകളിൽ സ്ഥിതിഗതികൾ മോശമായി തുടരുകയാണ്. കടകളും വീടുകളും വെള്ളത്തിനടിയിലായി. നിരവധി വീടുകൾ തകർന്നു.

************************

## WRESTLING

ബൾഗേറിയയിലെ സമോക്കോവിൽ നടക്കുന്ന അണ്ടർ 20 ലോക ഗുസ്തി ചാമ്പ്യൻഷിപ്പിൽ ഇന്ത്യയുടെ കാജൽ ദോചകിന് സ്വർണം. വനിതകളുടെ 53 കിലോഗ്രാം വിഭാഗത്തിൽ സാരികയും, 50

കിലോഗ്രാം വിഭാഗത്തിൽ ശ്രുതിയും വെങ്കല മെഡൽ നേടി. ഇന്ത്യ ഇതുവരെ, രണ്ട് സ്വർണം, നാല് വെള്ളി, മൂന്ന് വെങ്കലം ഉൾപ്പെടെ ഒമ്പത് മെഡലുകൾ നേടിയിട്ടുണ്ട്.

************************

## DURAND CUP

134-ാമത് ഡ്യൂറണ്ട് കപ്പ് ഫുട്ബോൾ ടൂർണമെന്റ് ഫൈനൽ ഇന്ന്. കൊൽക്കത്തയിലെ സാൾട്ട് ലേക്ക് സ്റ്റേഡിയത്തിൽ നടക്കുന്ന മത്സരത്തിൽ ഡയമണ്ട് ഹാർബർ എഫ്.സി - നോർത്ത് ഈസ്റ്റ് യുണൈറ്റഡുമായി ഏറ്റുമുട്ടും. വൈകിട്ട് 5.30-നാണ് മത്സരം.

************************

## US ENVOY INDIA-APPOINTMENT

യുഎസ് പ്രസിഡന്റ് ഡോണൾഡ് ട്രംപിന്റെ അടുത്ത സഹായി സെർജിയോ ഗോറിനെ ഇന്ത്യയിലെ യുഎസ് അംബാസഡറായി പ്രഖ്യാപിച്ചു. 2023 മെയ് 11 മുതൽ 2025 ജനുവരി 20 വരെ അംബാസഡറായി സേവനമനുഷ്ഠിച്ച എറിക് ഗാർസെറ്റിയുടെ പിൻഗാമിയായാണ് ഗോർ ചുമതലയേൽക്കുന്നത്.

************************

## NITI AAYOG - HOMESTAYS REPORT

രാജ്യത്തെ ഹോംസ്റ്റേ വ്യവസായം 4,772 കോടിയുടെ വിൽപന കൈവരിച്ചതായി നിതി ആയോഗ് റിപ്പോർട്ട്. നിതി ആയോഗ് ഉപാധ്യക്ഷൻ സുമൻ ബേരിയാണ് റിപ്പോർട്ട് പുറത്തിറക്കിയത്. തൊഴിലധിഷ്ഠിത വളർച്ചാ സാധ്യത കണക്കിലെടുത്ത് ടൂറിസം മേഖലയ്ക്കുള്ള ബജറ്റ് വിഹിതം വർദ്ധിപ്പിച്ചതായും പ്രധാനമന്ത്രി മുദ്ര യോജന വായ്പകളിൽ ഉൾപ്പെടുത്തി ഹോംസ്റ്റേകൾക്ക് കൂടുതൽ സാമ്പത്തിക സഹായം നൽകിയതായും റിപ്പോർട്ടിൽ പറയുന്നു.

*

***********

***********************************